"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് വച്ച് നടക്കുന്ന കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സംസ്ഥാന സമ്മേളനത്തിന്റെ ചെലവുകൾക്ക് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.52/2026/LSGD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-
1. 20.12.2024 തീയതിയിലെ സ.ഉ.(സാധാ)നം.2505/2024/ നമ്പർ ഉത്തരവ്.
2. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ ജനറൽ സെക്രട്ടറി സമർപ്പിച്ചിരുന്ന 16-12-2025 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

2026 ജനുവരി മാസത്തിൽ കോഴിക്കോട് ജില്ലയിൽ വച്ച് നടത്തുന്ന കേരളാഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ 56-ാമത് സംസ്ഥാന സമ്മേളനത്തിന്റെ ചെലവുകൾക്ക് ഏകദേശം 10,00,000/- രൂപ ചെലവ് പ്രതീക്ഷിക്കുന്നെന്നും മുൻ വർഷങ്ങളിൽ അനുവദിച്ചതുപോലെ സമ്മേളനത്തിന്റെ നടത്തിപ്പിന് ജില്ലയിലെ ഗ്രാമപ്പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവിടങ്ങളിൽ നിന്നും 5000/- രൂപ വീതം ലഭിക്കുന്നതിന് ഉത്തരവ് നൽകണമെന്നും കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ ജനറൽ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ജനുവരി മാസത്തിൽ കോഴിക്കോട് ജില്ലയിൽ വച്ച് നടത്തുന്ന കേരളാഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ(കെ.എഫ്.ബി) 56-ാമത് സംസ്ഥാന സമ്മേളനത്തിന്റെ ചെലവുകൾക്ക് കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി 5000/- (അയ്യായിരം രൂപ മാത്രം) രൂപ വീതം സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 07-01-2026 11:01:38

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.